സംസ്ഥാന വ്യവസായ സുരക്ഷാ സേനയിൽ പുതുതായി 345 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. ഇതോടെ സേനയുടെ അംഗബലം ആയിരത്തോടടുക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടിയിലധികം രൂപ ലാഭമുണ്ടാക്കിയ സേന സംസ്ഥാന സർക്കാരിന് അഭിമാനമാണ്. ഇന്ന് കേരളത്തിൽ കൊച്ചി മെട്രോ,റിസർവ് ബാങ്ക്, ഇൻഫോപാർക്ക്, മലബാർ സിമൻറ്സ് തുടങ്ങി നിരവധി സ്ഥാപനങ്ങൾക്ക് സംസ്ഥാന വ്യവസായ സുരക്ഷാ സേന സുരക്ഷ ഒരുക്കുന്നുണ്ട്. മറ്റ് നിരവധി സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എസ്.ഐ.എസ്.എഫിൻറെ സേവനത്തിനായി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. കുറഞ്ഞ കാലയളവിൽ കേരളാ പോലീസിന്റെ ഒരു പ്രത്യേക വിഭാഗം കൈവരിക്കുന്ന സുപ്രധാന നേട്ടമായതിനാൽ സംസ്ഥാന വ്യവസായ സുരക്ഷാ സേനയ്ക്ക് പ്രത്യേക പരിഗണന നല്കുന്നതായി സർക്കാർ അറിയിച്ചു. ജീവനക്കാരുടെ ശ്രദ്ധേയമായ സേവനങ്ങളാണ് സേനയെ വളർത്തുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത്.

സർക്കാർ ഉത്തരവിനായി ഈ ലിങ്കിൽ ക്ലിക്ക് ചെയ്യൂ....

http://sisf.keralapolice.gov.in/downloads/important-orders/government-orders/2017